**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2824** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് ബോണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് ബോണ്ട് ഏർപ്പെടുത്തിയത് ഏത് വർഷം മുതലാണെന്ന് അറിയിക്കുമോ; | (എ) | 2013 മുതൽ |
| (ബി) | പ്രസ്തുത ബോണ്ട് വയ്ക്കുന്നതിൽ നിന്നും ഗസ്റ്റ് അധ്യാപകർക്ക് ഏതെങ്കിലും വർഷം ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 25/05/2018 ലെ ഡി1/109/2018/ഉവിവ നമ്പർ സർക്കാർ കത്ത് പ്രകാരം 2017-18 അധ്യയന വർഷത്തിലേക്ക് ബോണ്ട് വെയ്ക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | 2018-19 അദ്ധ്യയന വർഷം മുതൽ ഇത്തരത്തിൽ ബോണ്ട് വയ്ക്കാത്തത് മൂലം ശമ്പളം ലഭിക്കാത്ത അധ്യാപകരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | എണ്ണം കണക്കാക്കിയിട്ടില്ല |
| (ഡി) | ഈ അധ്യാപകർക്ക് ബോണ്ട് വയ്ക്കുന്നതിൽ നിന്നും പ്രത്യേക ഇളവ് നൽകി ചെയ്ത ജോലിക്ക് ശമ്പളം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | 2018-19 അധ്യയന വർഷം മുതൽ പ്രവർത്തിയെടുക്കുന്ന അതിഥി അധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ ബോണ്ട് വെയ്ക്കണമെന്ന 25/05/2018 ലെ ഡി1/109/2018/ ഉവിവ നമ്പർ സർക്കാർ കത്തിലെ വ്യവസ്ഥ പാലിക്കാത്തതിനാൽ വേതനം നൽകുവാൻ കഴിഞ്ഞില്ലായെന്നും, അതിഥി അധ്യാപകർക്ക് വേതനം നൽകുന്നതിലേയ്ക്കായി ടി നിർദ്ദേശത്തിൽ നിന്നും ഇളവ് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ